**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - പാലക്കാട് നഗരസഭയിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് കോർട്ട് റോഡ് - സ്റ്റേഡിയം ബൈപാസ് റോഡ് - ലിങ്ക് റോഡ് നിർമ്മിക്കുന്നതിനായി 4.8 സെന്റ് സ്ഥലം 2013 -ലെ ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിന് പാലക്കാട് നഗര സഭയ്ക്ക് അനുമതി നല്കി ഉത്തരവാകുന്നു.

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.63/2020/ത.സ്വ .ഭ.വ തിരുവനന്തപുരം, തീയതി, 06.01.2020.

പരാമർശം - 1) പാലക്കാട് നഗര സഭാ സെക്രട്ടറിയുടെ 17.07.2017- ലെ E6(E2)-59174/2016 നമ്പർ കത്ത്.

2) GO(MS) No.56/2019/RD dated 14/02/2019

3) നഗരകാര്യ ഡയറക്ടറുടെ 22/06/2019, 22/10/2019 തീയതികളിലെ ജി3- 6140/18 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് നഗരസഭയിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന്റെ ഭാഗമായി, കോർട്ട് റോഡ് - സ്റ്റേഡിയം ബൈപാസ് റോഡ് - ലിങ്ക് റോഡ് നിർമ്മിക്കുന്നതിനായി ടി റോഡ് അലൈൻമെന്റിൽ ഉൾപ്പെട്ട പാലക്കാട് താലൂക്ക് പാലക്കാട് വില്ലേജിൽ വാർഡ് നം.5 ബ്ലോക്ക് നം.63 സർവ്വേ നമ്പർ 3152/1-ൽ ഉൾപ്പെട്ട 4.8 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള സർക്കാർ അനുമതി ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് പരാമർശം (1) മുഖേന പാലക്കാട് നഗര സഭാ സെക്രട്ടറി സമർപ്പിച്ച അപേക്ഷ നഗരകാര്യ ഡയറക്ടർ പരാമർശം (3) മുഖേന സർക്കാരിൽ സമർപ്പിക്കുകയുണ്ടായി .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് നഗരസഭയിൽ, കോർട്ട് റോഡ് - സ്റ്റേഡിയം ബൈപാസ് റോഡ് - ലിങ്ക് റോഡ് നിർമ്മാണത്തിനായി പാലക്കാട് ജില്ലയിൽ പാലക്കാട് താലൂക്കിൽ പാലക്കാട് വില്ലേജിൽ വാർഡ് നം.5 ബ്ലോക്ക് നം.63 സർവ്വേ നമ്പർ 3152/1-ൽ ഉൾപ്പെട്ട 4.8 സെന്റ് സ്ഥലം **'സ്ഥലം ഏറ്റെടുക്കുന്നതിന് ആവശ്യമായ മുഴുവൻ തുകയും ബന്ധപ്പെട്ട TSB അക്കൗണ്ടിൽ ഡെപ്പോസിറ്റ് ചെയ്ത ശേഷം മാത്രമേ സ്ഥലം ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കാവൂ'** എന്ന വ്യവസ്ഥയോടു കൂടി 2013-ലെ ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )

**സബിത എസ്. ഡി.**

ഡെപ്യൂട്ടി സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, പാലക്കാട് നഗരസഭ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്,എൽ.ബി.എ & എ&ഇ ), തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
റവന്യൂ വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ